श्री चित्रा तिरुनाल आयुर्विज्ञान और प्रौद्योगिकी संस्थान, त्रिवेन्द्रम
तिरुवनन्तपुरम - ६९५०११, केरल, इंडिया
SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY, TRIVANDRUM
Thiruvananthapuram - 695 011, Kerala, India
*(An Institute of National Importance under Govt. of India)*
Grams : Chitramet, Phone : +91-471-2443152, Fax : +91-471-2550728 / 2446433, E-mail : sct@sctimst.ac.in, Website : www.sctimst.ac.in

OMS-III/3/SCTIMST/2019/52 Date: 21.11.2019

# NOTICE

As a prelude to implementation of Ayushman Bharat in the Hospital Wing of SCTIMST and as draft proposal of the Comptroller and Auditor General of India, the Governing Body of the Institute has ordered a change in the assessment of the socioeconomic categories and the method of evaluation of patients who are eligible for subsidized treatment. Previous method of assessment is cancelled and the previous income categories will no longer exist.

The new socioeconomic categorization will come into effect from December 1st 2019. Hereafter this will be based on documentary proof of eligibility. There will only be two categories of patients. Those below poverty line as proven by the BPL status in ration card and all others will be considered as paying or D category.

## Subsidies for BPL category

The entire burden of subsidies is met from the internal revenue of the hospital and is not supported by any Government or other schemes. The number of beneficiaries (A and B) will be set by the GB, from time to time. Until the Ayushman Bharat scheme is fully implemented in the Institute, BPL category will be divided into two- A category eligible for 100% subsidy and B category eligible for 30% subsidy.

To be categorized as **"A"(100% subsidy),** there will be an interview to assess socioeconomic categorization based on the guidelines of the Govt of Kerala and the following documents recommended by the Govt of Kerala for this assessment will also have to be produced. Those who satisfy 7 of 9 criteria will be considered as A category after the interview and verification of documents.

1. Certificate from local body declaring he/she is not owning a house.

2. Certificate from local body declaring the size of land owned by the household.

3. Widow certificate (presence of widow in family)

4. Medical records of a chronic patient in the family (mentally retarded person/disabled individual/cancer patient/HIV afflicted/dialysis patient/bedridden member in household

5. SC/ST certificate and proof of no earning member in the family.

A vigilance cell in the Institute will verify authenticity of claims.
BPL but not fulfilling criteria for A category will be labeled B category and will be eligible for 30% subsidy.

Once Ayushman Bharat PMJAY KASP scheme is fully implemented, there will only be BPL and APL categories and BPL category will be eligible for the benefits. The number of beneficiaries will be set by the governing body of the Institute if there is any disparity between the rates in the scheme and Institute's rates.
Patients who wish to avail subsidized treatment may approach the social worker for assessment of category, with the necessary documents.

sd/-
**Medical Superintendent**

श्री चित्रा तिरुनाल आयुर्विज्ञान और प्रौद्योगिकी संस्थान, त्रिवेन्द्रम
तिरुवनन्तपुरम - ६९५०११, केरल, इंडिया
SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY, TRIVANDRUM
Thiruvananthapuram - 695 011, Kerala, India
*(An Institute of National Importance under Govt. of India)*
Grams : Chitramet, Phone : +91-471-2443152, Fax : +91-471-2550728 / 2446433, E-mail : sct@sctimst.ac.in, Website : www.sctimst.ac.in

OMS-III/3/SCTIMST/2019/52 21.11.2019

# അറിയിപ്പ്

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി രോഗികളെ സാമൂഹിക-സാമ്പത്തിക സ്ഥിതി അനുസരിച്ച് വിവിധ വിഭാഗങ്ങളായി തിരിക്കുന്നതിനുള്ള നടപടിക്രമങ്ങളിലും ചികിത്സാ ഇളവിന് അർഹരായ രോഗികളെ കണ്ടെത്തുന്നതിന് പിന്തുടരുന്ന രീതിയിലും മാറ്റം വരുത്താൻ ഗവേണിംഗ് ബോഡി തീരുമാനിച്ചു. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കരട് ശുപാർശ കൂടി കണക്കിലെടുത്താണ് ഗവേണിംഗ് ബോഡി ഇത്തരമൊരു തീരുമാനം കൈക്കൊണ്ടത്. മുൻപ് നിലവിലുണ്ടായിരുന്ന വിലയിരുത്തൽ രീതി ഇതോടെ റദ്ദാക്കിയിരിക്കുന്നു. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴുള്ള വിഭാഗങ്ങൾ 1/12/2019 മുതൽ ഉണ്ടായിരിക്കുന്നതല്ല.

ഇനി മുതൽ രേഖകളുടെ അടിസ്ഥാനത്തിലായിരിക്കും രോഗികളെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നത്. രണ്ട് വിഭാഗങ്ങളാണ് ഉണ്ടാവുക. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും അല്ലാത്തവരും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ബിപിഎൽ റേഷൻ കാർഡ് ഹാജരാക്കണം. മറ്റുള്ളവരെ കാറ്റഗറി ഡി-യിൽ ഉൾപ്പെടുത്തും. ഇവർക്ക് ചികിത്സാ ചെലവിൽ ഇളവ് ലഭിക്കുകയില്ല.

## ബിപിഎൽ വിഭാഗത്തിനുള്ള ഇളവുകൾ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ വരുമാനത്തിൽ നിന്നാണ് ചികിത്സാ നിരക്കിൽ ഇളവ് നൽകേണ്ടത്. ഇതിനായി സർക്കാരുകളിൽ നിന്നോ മറ്റ് പദ്ധതികളിൽ നിന്നോ സാമ്പത്തിക സഹായം ലഭിക്കുന്നില്ല. അതിനാൽ എ, ബി ഇളവ് ലഭിക്കുന്ന രോഗികളുടെ എണ്ണം ഗവേണിംഗ് ബോഡി നിശ്ചയിക്കുന്നതു പ്രകാരം മാറ്റം വരുന്നതാകും.ആയുഷ്മാൻ ഭാരത് പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നത് വരെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികളെ എ, ബി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിക്കും. എ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് ചികിത്സാ ചെലവിൽ 100 ശതമാനം ഇളവ് നൽകും. ബി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് ചികിത്സാ നിരക്കിൽ 30 ശതമാനം കിഴിവ് ലഭിക്കും.

**എ വിഭാഗത്തിൽ (100 ശതമാനം ഇളവ്)** ഉൾപ്പെടുന്നതിന് രോഗികൾ സോഷ്യൽ വർക്കറുമായി അഭിമുഖത്തിന് വിധേയരാകണം. ഇതിൽ കേരള സർക്കാരിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി രോഗികളുടെ സാമൂഹിക- സാമ്പത്തിക സ്ഥിതി വിലയിരുത്തും.

അഭിമുഖത്തിന്റെ സമയത്ത് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഇനിപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടിക്കാഴ്ചയ്ക്കും രേഖകളുടെ പരിശോധനയ്ക്കും ശേഷം 9 മാനദണ്ഡങ്ങളിൽ 7 എണ്ണമെങ്കിലും പാലിക്കുന്നവരെ എ വിഭാഗത്തിലേക്ക് പരിഗണിക്കും.

1. ഭവനരഹിതരാണെന്ന് സാക്ഷ്യപ്പെടുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം
2. ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിസ്തൃതി വ്യക്തമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം
3. വിധവാ സർട്ടിഫിക്കറ്റ് (കുടുംബത്തിൽ വിധവകൾ ഉള്ളവർ)
4. കുടുംബത്തിലുള്ള മാറാരോഗിയുടെ ചികിത്സാ രേഖകൾ (ബുദ്ധിമാന്ദ്യമുള്ള വ്യക്തി/വികലാംഗർ/ക്യാൻസർ രോഗി/എച്ച്ഐവി ബാധിതർ/ ഡയാലിസിസിന് വിധേയരാകുന്നവർ/കിടപ്പുരോഗികൾ)
5. പട്ടികജാതി-വർഗ്ഗ സർട്ടിഫിക്കറ്റും കുടുംബത്തിൽ സ്ഥിര വരുമാനം ഉള്ളവർ ഇല്ലെന്ന് തെളിയിക്കുന്നതിനുള്ള രേഖയും

രോഗികൾ ചികിത്സയ്ക്ക് വരുമ്പോൾ എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്. ചികിത്സാ നിരക്കിലെ ഇളവിനായി നൽകുന്ന വിവരങ്ങളുടെ ആധികാരികത ഇൻസ്റ്റിറ്റ്യൂട്ടിലെ വിജിലൻസ് സെൽ പരിശോധിച്ച് ഉറപ്പുവരുത്തും.

എ വിഭാഗത്തിൽ ഉൾപ്പെടുന്നതിനുള്ള യോഗ്യത ഇല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ വിഭാഗം ബി-യിൽ ഉൾപ്പെടുത്തും. ഇവർക്ക് ചികിത്സാ ചെലവിൽ 30 ശതമാനം ഇളവ് നൽകും.

ആയുഷ്മാൻ ഭാരത് കെഎഎസ്പി **(KASP)** പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിഞ്ഞാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ എന്നീ രണ്ട് വിഭാഗങ്ങൾ മാത്രമേ ഉണ്ടാവൂ. ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ചികിത്സാ ചെലവിൽ ഇളവ് ലഭിക്കും. ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിത്സാ നിരക്കുകളും സ്കീമിലെ നിരക്കുകളും തമ്മിൽ ഏതെങ്കിലും വിധത്തിൽ അന്തരമുണ്ടെങ്കിൽ ഗുണഭോക്താക്കളുടെ എണ്ണം ഗവേണിംഗ് ബോഡി നിശ്ചയിക്കും.

ചികിത്സാ നിരക്കിൽ ഇളവ് ആവശ്യമുള്ള രോഗികൾ സാമൂഹിക- സാമ്പത്തിക സ്ഥിതി വിലയിരുത്തുന്നതിനായി രേഖകൾ സഹിതം സോഷ്യൽ വർക്കറെ സമീപിക്കുക.

Sd/-
മെഡിക്കൽ സൂപ്രണ്ട്